(22.01.2021)

## ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ.യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

സംസ്ഥാനത്ത് ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ, വിദേശരാജ്യങ്ങൾ എന്നിവയുമായുള്ള കത്തിടപാടുകൾ, നിയമപ്രകാരം ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങൾ എന്നിവയ്ക്ക് ഇംഗ്ലീഷ് ഉപയോഗിക്കുന്നതൊഴികെ ഭരണഭാഷ മലയാളമായിരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർ മലയാള ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാണെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്ലസ് ടു തലം വരെ അടിസ്ഥാന യോഗ്യതയുള്ള എല്ലാ പരീക്ഷകൾക്കും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മലയാളത്തിലാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. കൂടാതെ, നഴ്സറി സ്കൂൾ ടീച്ചർ ഉൾപ്പെടെ ഹൈസ്കൂൾതലം വരെയുള്ള അദ്ധ്യാപക തസ്തികകൾക്കും ചോദ്യപേപ്പർ മലയാളത്തിലാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് ഇംഗ്ലീഷിലാണ് ചോദ്യങ്ങൾ തയ്യാറാക്കിവരുന്നത്.

സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടെ ഉയർന്ന യോഗ്യതകൾക്ക് പഠനമാധ്യമം ഇംഗ്ലീഷ് ആയതിനാൽ മലയാളത്തിൽ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് വിവിധ സർവ്വകലാശാലാ വൈസ്

ചാൻസലർമാരോ അവർ നിർദ്ദേശിക്കുന്ന സ്ഥിരം പ്രതിനിധി കളോ അംഗങ്ങളായും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായും ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷിലെ സാങ്കേതിക പദങ്ങൾക്ക് തുല്യമായ മലയാള പദാവലി തയ്യാ റാക്കുന്ന മുറയ്ക്ക് കൂടുതൽ പരീക്ഷകൾ മലയാളത്തിൽ നട ത്താൻ കഴിയുന്നതാണ്.

കെ.എ.എസ് പരീക്ഷയിൽ ചോദ്യപേപ്പർ ഇംഗ്ലീഷിലാണെ ങ്കിലും മലയാളത്തിലും ഉത്തരമെഴുതാവുന്നതാണ്. ഇതോ ടൊപ്പം 30 മാർക്കിന്റെ ചോദ്യം മലയാളത്തിൽ തന്നെ ഉത്തര മെഴുതേണ്ടതുമാണ്. ഡിഗ്രി തലത്തിലുള്ള എല്ലാ പൊതുപരീ ക്ഷയിലും 15 ശതമാനം ചോദ്യം മലയാളത്തിൽ മാത്രമുള്ള തും അതിൽ മാത്രം ഉത്തരമെഴുതേണ്ടതുമാണ്.

ഐഎഎസ്/ ഐപിഎസ്/ ഐഎഫ്എസ് തുടങ്ങിയ അഖിലേന്ത്യാ സർവ്വീസുകളിൽ വരുന്നവർക്ക് മലയാള പരിജ്ഞാനം ഉറപ്പുവരുത്തുന്ന വകുപ്പുതല പരീക്ഷകളും ഇന്റർവ്യൂകളും പി.എസ്.സി നടത്തുന്നുണ്ട്.

ഉദ്യോഗാർത്ഥികളിൽ 90 ശതമാനംപേരും എഴുതുന്ന പരീ ക്ഷകൾ മുഴുവൻ മലയാളത്തിൽ തന്നെ ചോദ്യവും ഉത്തര വുമെന്ന സ്ഥിതിയായിക്കഴിഞ്ഞിട്ടുണ്ട്.

* * *